Reg. No. : ....................................

Name : ............................................

**FY 1002**

# FIRST YEAR HIGHER SECONDARY EQUIVALENCY EXAMINATION, JULY 2025

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം'ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**Score**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. (സ്കോർ 1 വീതം)** **(5×1=5)**

**1.** 'സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണംകെട്ടു നടക്കുന്നിതു ചിലർ'
– ഏതു കാവ്യത്തിലെ വരികളാണിത് ?

(ജ്ഞാനപ്പാന, അനുകമ്പാദശകം, സഭാപ്രവേശം)

**2.** കുമാരനാശാൻ രചിച്ച പ്രണയകാവ്യമാണ്

(രമണൻ, ലീല, സന്ദർശനം)

Score

3. 'പണ്ടു നീ നമ്മെക്കയർക്കൊണ്ടുകെട്ടി –
ക്കൊണ്ടു കയത്തിൽ പിടിച്ചു മറിച്ചു'.

സഭാപ്രവേശത്തിലെ ഈ വാക്കുകൾ ദുര്യോധനനോട് പറയുന്നതാരാണ് ?

(യുധിഷ്ഠിരൻ, അർജുനൻ, ഭീമസേനൻ)

4. 'അനുകമ്പാദശകം' മുന്നോട്ടുവയ്ക്കുന്ന ജീവിത ദർശനമെന്താണ് ?

(കരുണയുള്ളവനായിരിക്കണം മനുഷ്യൻ, ഇരുട്ടാണ് നല്ലത്, അഭിനയമാണ് ജീവിതം)

5. 'നീയാ എന്റെ ശ്രീ ഭഗവതി' എന്ന് ഭർത്താവ് പറയാൻ ഇടയായ സാഹചര്യം എന്താണ് ?

(ഭാര്യയുടെ അറിവില്ലായ്മ, ഭാര്യയെ സമാശ്വസിപ്പിക്കാനുള്ള തന്ത്രം, ഭാര്യയുടെ ക്ഷോഭം മാറാൻ)

6. പാശ്ചാത്യ സാഹിത്യത്തിന്റെ പ്രത്യേകതകളെ മലയാള സാഹിത്യത്തിൽ അവതരിപ്പിച്ച സാഹിത്യ വിമർശകനാണ്

(എം. പി. പോൾ, അശോകൻ ചരുവിൽ, വൈക്കം മുഹമ്മദ് ബഷീർ)

7. **ചേരുംപടി ചേർക്കുക. (സ്കോർ 1 വീതം)** **(5×1=5)**

| | |
|---|---|
| എ) അനർഘ നിമിഷം | ടി. വി. കൊച്ചുബാവ |
| ബി) വൃദ്ധസദനം | ചങ്ങമ്പുഴ |
| സി) ഇക്കണ്ടക്കുറുപ്പ് | വൈലോപ്പിള്ളി |
| ഡി) ഉജ്ജ്വല മുഹൂർത്തം | വാസനാ വികൃതി |
| ഇ) രമണൻ | വൈക്കം മുഹമ്മദ് ബഷീർ |

Score

**താഴെ ചേർത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് 8 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക. (സ്കോർ 2 വീതം)** **(3×2=6)**

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും കനപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള സാഹിത്യ ശാഖയാണ് നിരൂപണം. നിരൂപണ പ്രസ്ഥാനത്തിന്റെ ഒരു ഭാഗമാണ് കാവ്യനിരൂപണം. ഡോ. എം. ലീലാവതി, വള്ളത്തോൾ നാരായണ മേനോന്റെ 'കിളിക്കൊഞ്ചൽ' എന്ന കവിതയെ പഠന വിധേയമാക്കുന്നു.

ലീലാവതി, ജനക മഹാരാജാവിന്റെ പുത്രിയായ സീതയുടെ കൊഞ്ചലിലൂടെ അമ്മയ്ക്കുണ്ടാകുന്ന ആനന്ദാതിരേകം ഹൃദയ സ്പർശിയായി അവതരിപ്പിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു.

**8.** മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മികച്ച സംഭാവന നൽകിയ സാഹിത്യ ശാഖയാണ് ____________

**9.** മലയാള കാവ്യ നിരൂപണ ശാഖയിൽ ശ്രദ്ധേയയായ എഴുത്തുകാരിയാണ് __________

**10.** 'കിളിക്കൊഞ്ചൽ' ആരുടെ കൃതിയാണ് ?

**11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. (സ്കോർ 2 വീതം)** **(5×2=10)**

**11.** 'അനർഘ നിമിഷം' എന്ന കഥയുടെ പ്രത്യേകത എന്താണ് ?

Score

12. സക്കറിയയുടെ ഏത് യാത്രാവിവരണ ഗ്രന്ഥത്തിൽ നിന്നുമെടുത്തതാണ് 'പൊരിച്ച മീനിന്റെ മന്ത്രവാദിനി' എന്ന പാഠം ?

13. 'ചക്കീചങ്കരം' എന്ന ആക്ഷേപ ഹാസ്യനാടകത്തിന്റെ രചയിതാവാര് ?

14. ഒരു പീഡയെറുമ്പിനും വരു –
ത്തരുതെന്നുള്ളനുകമ്പയും സദാ –
കരുണാകരാ ! നൽകുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും – ശ്രീനാരായണ ഗുരുവിന്റെ 'അനുകമ്പാ ദശക'ത്തിലെ
ഈ വരികളിലെ ആശയം എന്താണ് ?

15. 'ശ്രീഭഗവതി'യെന്ന ചെറുകഥയുടെ രചയിതാവാര് ?

16. ചങ്ങമ്പുഴ കൃഷ്ണപിള്ളയെക്കുറിച്ച് എം. കെ. സാനു എഴുതിയ ജീവിത ചരിത്ര ഗ്രന്ഥമാണ് ?

17. **താഴെ നൽകിയിട്ടുള്ള സൂചനകൾക്ക് ഉചിതമായ രണ്ടുത്തരങ്ങൾ ചേർത്തെഴുതുക. (സ്കോർ 2 വീതം)** **(5×2=10)**

എ) പൂന്താനം ________, ________

ബി) കുമാരനാശാൻ ________, ________

സി) ടി. വി. കൊച്ചുബാവ ________, ________

ഡി) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ________, ________

ഇ) വൈലോപ്പിള്ളി ശ്രീധരമേനോൻ ________, ________

Score

- തണലുകൾ നഷ്ടപ്പെടുന്ന വാർധക്യത്തിന്റെ ആശങ്കകൾ.

- വാർധക്യം ഒരു ജീവിതാവസ്ഥയാണ്.

- മനുഷ്യജീവിതത്തിന്റെ അസ്ഥിരാവസ്ഥ.

- മനുഷ്യർ ജനിക്കുന്നതോ മരിക്കുന്നതോ ഒരുമിച്ചല്ല.

- 'ലീല' – ഉത്തമഗുണ സമ്പന്നയായ നായികയാണ്.

- സ്നേഹഗായകൻ.

- നീയേഭാഗ്യത്തികവേലുവോൾ എന്ന് സീതയെ വിശേഷിപ്പിക്കുന്നു.

- സീതയുടെ പരിണയകഥ അവതരിപ്പിക്കുന്നു.

- ഓർമയിൽ നിന്നും കഥ പറയുന്ന രീതി.

- കള്ളൻ കഥാനായകനായ മലയാളത്തിലെ ആദ്യ ചെറുകഥ.

**18 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരം എഴുതുക. (സ്കോർ 4 വീതം)** **(4×4=16)**

18. 'രണ്ടിന്റെയും ഇടയിലുള്ള 'അനർഘ നിമിഷ'മാണ് ഞാൻ'; ഇവിടെ രണ്ടിന്റെയും എന്നതുകൊണ്ട് ലേഖകൻ സൂചിപ്പിക്കുന്നതെന്താണ് ? വിശദീകരിക്കുക.

19. കുമാരനാശാന്റെ 'ലീല' എന്ന കവിതയിലെ നായികയായ 'ലീല'യുടെ ഗുണ വിശേഷങ്ങൾ എന്തൊക്കെയാണ് ?

Score

20. ആഫ്രിക്കയിൽ ഗാന്ധിജി പൊതുപ്രവർത്തനങ്ങളിലേർപ്പെട്ടത് എന്തിനായിരുന്നു ?

21. വ്യാകരണം പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇ. വി. കൃഷ്ണപിള്ളയുടെ അഭിപ്രായമെന്താണ് ?

22. 'ഉജ്ജ്വലമുഹൂർത്തം' എന്ന കവിതയിൽ അനസൂയ എന്ന കഥാപാത്രത്തെ വൈലോപ്പിള്ളി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

23. ഭാഷ ശക്തി പ്രാപിച്ചതെങ്ങനെയെന്നാണ് 'മലയാളത്തിന്റെ വേര് ' എന്ന പാഠഭാഗത്ത് ജോസഫ് മുണ്ടശ്ശേരി അവതരിപ്പിക്കുന്നത് ?

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് അരപ്പേജിൽ കവിയാതെ ഉത്തരം എഴുതുക. (സ്കോർ 6 വീതം)** **(2×6=12)**

24. മനുഷ്യർക്കിടയിലെ മത്സരങ്ങളെ 'ജ്ഞാനപ്പാനയിൽ' പൂന്താനം എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത് ?

25. 'സഭാപ്രവേശം' എന്ന പാഠഭാഗത്ത്, ഇന്ദ്രപ്രസ്ഥത്തിലെത്തിയ ദുര്യോധനനും സഹോദരങ്ങൾക്കും സംഭവിച്ച അബദ്ധങ്ങൾ വിശദമാക്കി ആസ്വാദനം തയ്യാറാക്കുക.

26. 'അരുളുള്ളവനാണ് ജീവി' – 'അനുകമ്പാദശക'ത്തിൽ തെളിയുന്ന ഗുരുദർശനം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (സ്കോർ 8 വീതം) (2×8=16)**

**27.** 'ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്ക്' എന്ന തലക്കെട്ടിന്റെ ഔചിത്യം വിശകലനം ചെയ്ത് കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

**28.** വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'വാസനാ വികൃതി' എന്ന കഥയെ അപഗ്രഥിച്ച് ഉപന്യാസം തയ്യാറാക്കുക.

**29.** ഗീതാഹിരണ്യന്റെ 'ശ്രീഭഗവതി' ശക്തമായ സ്ത്രീപക്ഷ രചനയാണ്. ഈ അഭിപ്രായത്തോടുള്ള പ്രതികരണം കഥ വിശകലനം ചെയ്ത് തയ്യാറാക്കുക.

---